**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **27-02-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് മാറ്റിവെച്ച ചെലവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനെ തുടർന്ന് വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണം നിലച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2020 സെപ്റ്റംബർ മുതൽ ക്ഷേമ പെൻഷനുകൾ അതാത് മാസം തന്നെ നൽകി വരുന്നു. ചില അവസരങ്ങളിൽ രണ്ട് മാസത്തെ പെൻഷൻ ഒന്നിച്ച് നൽകിയിട്ടുണ്ട്. 2022 നവംബർ മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തു തന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. 2022 ഡിസംബർ മാസത്തെ ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മരാമത്ത് പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് നൽകാനുള്ള തുകയിൽ കുടിശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാന- ത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിതസമയത്ത് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ ഒരു നിശ്ചിത തുക |

| | | | |
|---|---|---|---|
| | | | അധികരിക്കുന്ന ബില്ലുകൾ BDS രീതി വഴി തുക നൽകി വരുന്നു. നിലവിൽ ബില്ലുകൾ മാറി നൽകുന്ന BDS വിജയകരമായി നടപ്പിലാക്കി വരികയാണ്. |
| (സി) | സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്കുള്ള ഡി.എ., ലീവ് സറണ്ടർ ആനുകൂല്യം എന്നിവ അനുവദിക്കാനുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01.01.2021 മുതലുള്ള ക്ഷാമബത്ത നൽകാനുണ്ട്.<br><br>കോവിഡ് 19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 2022-2023 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ആനുകൂല്യം പൊതു ഇളവുകൾക്ക് വിധേയമായി 31/12/2022 വരെ മരവിപ്പിച്ചിട്ടുണ്ടായിരുന്നു. 30/12/2022 ലെ സ.ഉ.(അച്ചടി) നം.148/2022 പ്രകാരം 2022-2023 സാമ്പത്തിക വർഷം മാറ്റിവെച്ച ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ആനുകൂല്യം 20/03/2023 തീയതി മുതൽ ബന്ധപ്പെട്ട ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റുചെയ്യുവാനും ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക നാല് വർഷത്തെ ലോക്ക് ഇൻ പിരീഡിന് ശേഷം മാത്രമേ പിൻവലിക്കുവാനാകൂ എന്നും ഉത്തരവായിട്ടുണ്ട്. |
| (ഡി) | മുടക്കം വന്നിട്ടുള്ള ക്ഷേമ പെൻഷനുകൾ, കരാറുകാർക്ക് നല്കുവാനുള്ള കുടിശിക, ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ നൽകുന്നതിന് ആകെ എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | 2022 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസാഹായ മുപയോഗിച്ച് വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പെൻഷൻ വിതരണത്തിനുള്ള ബിൽ പ്രോസസ്സ് ചെയ്യുന്ന അവസരത്തിൽ മാത്രമേ തുക സംബന്ധിച്ച കൃത്യമായ കണക്ക് അറിയുവാൻ കഴിയുകയുള്ളൂ. 2022 നവംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും നൽകുന്നതിനായി 879.06 കോടി രൂപ അനുവദിച്ചിരുന്നു.<br><br>ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളായ ക്ഷാമബത്ത, ലീവ് സറണ്ടർ എന്നിവ അനുവദിക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

2020 സെപ്റ്റംബർ മുതൽ ക്ഷേമ പെൻഷനുകൾ അതാത് മാസം തന്നെ നൽകി വരികയാണ്. ചില അവസരങ്ങളിൽ രണ്ട് മാസത്തെ പെൻഷൻ ഒന്നിച്ച് നൽകിയിട്ടുണ്ട്. 2022 നവംബർ മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തു തന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. 2022 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസാഹായമുപയോഗിച്ച് വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പെൻഷൻ വിതരണത്തിനുള്ള ബിൽ പ്രോസസ്സ് ചെയ്യുന്ന അവസരത്തിൽ മാത്രമേ തുക സംബന്ധിച്ച കൃത്യമായ കണക്ക് അറിയുവാൻ കഴിയുകയുള്ളൂ. 2022 നവംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും നൽകുന്നതിനായി 879.06 കോടി രൂപ അനുവദിച്ചിരുന്നു.

ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിതസമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 മേയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 സെപ്റ്റംബർ മാസം വരെയുമുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയുടെ കണക്കുകൾ ചുവടെ പറയും പ്രകാരമാണ്.

| വകുപ്പ് | കാലയളവ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|---|
| പൊതുമരാമത്ത് | 01.06.2022 മുതൽ 31.10.2022 വരെ | 860.31 |
| ജലവിഭവം | 01.10.2022 മുതൽ 30.11.2022 വരെ | 48.34 |
| ഹാർബർ എഞ്ചിനീയറിംഗ് | 01.10.2022 മുതൽ 30.11.2022 വരെ | 20.96 |
| | **ആകെ** | **929.61** |

സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01.01.2021 മുതൽ 01.07.2022 വരെയുള്ള നാല് ഗഡു ക്ഷാമബത്ത നൽകാനുണ്ട്. തുടർച്ചയായി ഉണ്ടായ പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവ സംസ്ഥാനത്തിന്റെ വരുമാനത്തെ ഗണ്യമായി ബാധിച്ച പശ്ചാത്തലത്തിലാണ് നാലു ഗഡു ക്ഷാമബത്ത നൽകാനാവാത്ത സാഹചര്യമുണ്ടായത്. കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടില്ല.

കോവിഡ് 19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായി 2020-2021 സാമ്പത്തിക വർഷം സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, താത്ക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരുടെയും ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ചിരുന്നു. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട് ടൈം ജീവനക്കാർ എന്നിവരെ ടി ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടായിരുന്നു. അതിനിടെ, ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ച നടപടി പിൻവലിക്കുകയും ആയത് 2020 നവംബർ മുതൽ ജീവനക്കാരുടെ പി.എഫ് ൽ ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. തുടർന്ന് വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായി 2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം പൊതു ഇളവുകൾക്ക് വിധേയമായി മരവിപ്പിച്ചു

2022-2023 സാമ്പത്തിക വർഷത്തിലും ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ആനുകൂല്യം പൊതു ഇളവുകൾക്ക് വിധേയമായി വിവിധ ഉത്തരവുകൾ പ്രകാരം 31/12/2022 വരെ ആദ്യം മരവിപ്പിച്ചിരുന്നു. തുടർന്ന്, 30/12/2022 ലെ സ.ഉ. (അച്ചടി) നം. 148/2022 പ്രകാരം 2022-2023 സാമ്പത്തിക വർഷം ഇപ്രകാരം മാറ്റിവെച്ച ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ആനുകൂല്യം ബന്ധപ്പെട്ട ജീവനക്കാരുടെ പി.എഫ്.അക്കൗണ്ടിൽ 20/03/2023 തീയതി മുതൽ ക്രെഡിറ്റ് ചെയ്യുവാനും ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക നാല് വർഷത്തെ ലോക്ക് ഇൻ പിരീഡിന് ശേഷം മാത്രമേ പിൻവലിക്കുവാനാകൂ എന്നും ഉത്തരവായിട്ടുണ്ട്. കോവിഡ് 19 മഹാമാരിയുടെ നീണ്ടുനിൽക്കുന്ന ആഘാതം ഉൾപ്പെടെ വിവിധ ഘടകങ്ങൾ കാരണം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനിടയിലാണ് സർക്കാർ ഈ ധീരമായ തീരുമാനം എടുത്തത്. വാസ്തവത്തിൽ, പ്രോവിഡന്റ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയ്ക്ക് നാല് വർഷത്തേക്ക് പലിശ നൽകാൻ തീരുമാനിച്ചതിലൂടെ, സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ അധിക ബാധ്യത ഏറ്റെടുക്കുകയാണ് ഉണ്ടായത്. ലീവ് സറണ്ടർ നൽകുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടില്ല.